കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂൺ 28, തിങ്കൾ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 1999 ജൂൺ മാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

1 (*151) എക്സ്പ്രസ്സ് ഹൈവേയിൽ കേരളത്തെ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. എൻ. ആർ ബാലൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പി. വിശ്വൻ
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ നിർമ്മിക്കുന്ന എക്സ്പ്രസ്സ് ഹൈവേയിൽ കേരളത്തെ ഉൾപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഹൈവേ എപ്രകാരം നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ഗതാഗത സൗകര്യങ്ങൾ കണക്കിലെടുത്ത് നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ മുൻ നിർദ്ദേശപ്രകാരം കന്യാകുമാരി, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളെ ഉൾപ്പെടുത്തി നിർമ്മിക്കാനാവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ,

(എ) കന്യാകുമാരിയിൽ തുടങ്ങി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം വഴി മുംബൈക്ക് പോകുന്ന എക്സ്പ്രസ്വേ നിർമ്മിക്കണമെന്ന ആവശ്യമാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിന്റെ മുന്നിൽ ഉന്നയിച്ചിട്ടുള്ളത്. എന്നാൽ നിർദ്ദിഷ്ട ഉത്തര-ദക്ഷിണ എക്സ്പ്രസ്വേയുടെ ഭാഗമായി ദേശീയപാത 47- ൽ സേലം -കൊച്ചി സെക്ഷനാണ് ഉൾപ്പെടുത്തിയത്.

(ബി)&(സി)മേൽപറഞ്ഞ സേലം-കൊച്ചി സെക്ഷനിൽ ആലുവ മുതൽ അങ്കമാലി വരെയുള്ള 15 കിലോമീറ്ററും തൃശൂർ മുതൽ വാണിയംപാറ വരെയുള്ള 20 കിലോമീറ്ററും ഭാഗങ്ങൾ നാലുവരിയാക്കുന്നതിനുള്ള പ്രവർത്തനം താമസിയാതെ തുടങ്ങുമെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

(ഡി) കന്യാകുമാരിയിൽ ആരംഭിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, മംഗലാപുരംവഴി മുംബൈയിൽ അവസാനിക്കുന്ന എക്സ്പ്രസ്വേ കൂടിയേ കഴിയൂ എന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. ഇതിനായി കേന്ദ്രത്തിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. മുഖ്യമന്ത്രി പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് പലപ്രാവശ്യം ഈ ആവശ്യം ഉന്നയിക്കുകയും കത്തെഴുതുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എൻ.ആർ ബാലൻ : സർ, പ്രതിരോധ മേഖലയിൽ തന്ത്രപ്രധാന സ്ഥാനമുള്ള കേരള സംസ്ഥാനത്തിന് എക്സ്പ്രസ് ഹൈവേ അനിവാര്യമാണെന്നകാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ യഥാസമയം കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, സംസ്ഥാനത്തിന്റെ തന്ത്രപ്രധാന സ്ഥാനം കണക്കിലെടുത്ത് അടിസ്ഥാന സൗകര്യങ്ങളിലൊന്നായ റോഡുകളുടെ വികസനം ഏറ്റെടുക്കണമെന്ന് എക്കാലവും ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെടാറുണ്ട്. കഴിഞ്ഞ വർഷം ഒക്ടോബർ 24-ാം തീയതി എക്സ്പ്രസ് ഹൈവേ സംബന്ധിച്ച പ്രഖ്യാപനം പ്രധാനമന്ത്രി നടത്തിയ ഉടനെ ഞാൻ കേന്ദ്രത്തിന് എഴുതുകയുണ്ടായി. തുടർന്ന് പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല എന്നറിഞ്ഞപ്പോൾ 15-12-1998 -ന് പ്രധാനമന്ത്രിക്ക് ഞാൻ നിവേദനം സമർപ്പിച്ചു. കേരളത്തിലെ റോഡുകളുടെ സ്ഥിതി, മൊത്തം റോഡുകളിൽ അടിയന്തിര വികസനം ആവശ്യമുള്ളതിന്റെ കണക്കുകൾ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഒഴിവാക്കാനുള്ള നടപടി ആ നിലയിൽ, നിലവിലുള്ള റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കൽ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പിന്നീട് പ്രധാനമന്ത്രി കേരളം സന്ദർശിച്ചപ്പോൾ ഞാനും ഇടതുപക്ഷകക്ഷി നേതാക്കളും നേരിട്ട് അദ്ദേഹത്തെ സന്ദർശിച്ച് ഈ ആവശ്യമുന്നയിച്ചു. അനുഭാവപൂർവം പരിഗണിക്കാമെന്ന മറുപടിയാണ് അന്ന് പ്രധാനമന്ത്രി നൽകിയതെങ്കിലും എക്സ്പ്രസ് ഹൈവേയുടെ കാര്യത്തിൽ കേന്ദ്രം കേരളത്തോട് തികച്ചും പ്രതികൂല നിലപാട് സ്വീകരിക്കുകയാണുണ്ടായത്. കേന്ദ്രത്തിന്റെ അവഗണന അവസാനിപ്പിക്കുന്നതിന് ലഭ്യമായ വേദികളിലെല്ലാം സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തിവരികയാണ്.

ശ്രീ. എൻ. ആർ ബാലൻ : സർ, കന്യാകുമാരി മുതൽ കാശ്മീർ വരെയും സിതച്ചാർ മുതൽ സൗരാഷ്ട്രവരേയും രാജ്യത്ത് ഏഴായിരം കിലോ

LIBRARY ARCHIVES Kerala Legislative Assembly

മീറ്റർ റോഡ് നിർമ്മിക്കാൻ തീരുമാനം കൈക്കൊണ്ട കേന്ദ്രം കേരളത്തിലെ വെറും 35 കിലോമീറ്റർ നീളമുള്ള റോഡു മാത്രമാണ് വികസിപ്പിക്കാൻ തീരുമാനമെടുത്തത്. ആ നടപടിയിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് പുതിയ മാനം നൽകാൻ ഉദ്ദേശിച്ച് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എക്സ്പ്രസ് ഹൈവേ പദ്ധതിയോട് അനുകൂലമായി പ്രതികരിച്ച ആദ്യ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. എന്നാൽ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്താത്തതിലുള്ള പ്രതിഷേധം അക്കാര്യം മനസ്സിലാക്കിയ ഉടനേ തന്നെ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. തുടർന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുസെക്രട്ടറി എന്നിവരുമായും മറ്റ് പ്രധാനപ്പെട്ട കേന്ദ്ര വകുപ്പുകളുമായും നിരന്തരമായി ബന്ധപ്പെട്ടു. അതിന്റെ ഫലമായാണ് കേരളത്തിന്റെ ആവശ്യം ഭാഗികമായെങ്കിലും അംഗീകരിക്കാൻ ഇപ്പോൾ കേന്ദ്രം തയ്യാറായിട്ടുള്ളത്. ഇതുതന്നെ നമുക്ക് തൃപ്തികരമല്ല. കന്യാകുമാരിയിൽ ആരംഭിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം വഴി മുംബൈക്ക് പോകുന്ന ദേശീയ എക്സ്പ്രസ്വേ കൂടിയേ കഴിയൂ എന്നതാണ് നമ്മുടെ ആവശ്യം. ഇതിനായി എല്ലാ തരത്തിലും നമ്മൾ സമ്മർദ്ദം ചെലുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഡൽഹി, കൽക്കട്ട, ചെന്നൈ, ബോംബെ എന്നീ വൻനഗരങ്ങളെ ബന്ധിപ്പിക്കുന്ന ഗോൾഡൻ ക്വാഡ്രി ലാറ്ററൽ റോഡ് നിർമ്മാണവുമായി കേരള സംസ്ഥാനത്തെ സഹകരിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, എക്സ്പ്രസ് ഹൈവേയുടെ ഭാഗമായാണ് ഡൽഹി, ബോംബെ, കൽക്കട്ട, ചെന്നൈ എന്നീ വൻ നഗരങ്ങളെ ബന്ധിപ്പിക്കുന്ന 6,500 കിലോമീറ്റർ ദൈർഘ്യമുള്ള ഗോൾഡൻ ക്വാഡ്രി ലാറ്ററൽ റോഡ് നിർമ്മിക്കാൻ കേന്ദ്രം ഉദ്ദേശിച്ചത്. പശ്ചിമ തീരമേഖലയിലേക്ക് കടന്നുപോകുന്ന ദേശീയ പാത - 17 വികസിപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്രത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി അനുവദിച്ചുകിട്ടിയാൽ കേരളത്തിലൂടനീളം കടന്നുപോകുന്ന 421 കിലോമീറ്റർ ദൂരം വരുന്ന ദേശീയ പാത 17-ന്റെ വികസനം നമുക്കു സാധ്യമാകും. വീതികുറവും റെയിൽവേ ലെവൽ ക്രോസ്സിംഗും മൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കി യാത്ര സുഖകരമാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ നിർഭാഗ്യവശാൽ കഴിയാതെ പോയതുമായ മഹാരാജാ ആഗ്രാ സെൻ മാർഗ് എന്ന സൂപ്പർ നാഷണൽ ഹൈവേയിൽ നമ്മുടെ സംസ്ഥാനത്തെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ജനസാന്ദ്രത, ട്രാഫിക് ബാഹുല്യം എന്നിവ വളരെ കൂടുതലുള്ള കേരളത്തിന് ഇന്നിപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന എക്സ്പ്രസ് ഹൈവേയിൽ അർഹമായ പ്രാതിനിധ്യം നൽകാത്ത കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, മഹാരാജാ ആഗ്രാ സെൻ മാർഗിൽ കേരളത്തിന് അർഹമായ പ്രാതിനിധ്യം നൽകിയതുപോലും നിർദ്ദിഷ്ട എക്സ്പ്രസ്വേയിലും പ്രാതിനിധ്യം നൽകണമെന്ന് പലവട്ടം ഞാൻ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്; എഴുതികൊടുത്തിട്ടുമുണ്ട്. മരാമത്തുവകുപ്പുമന്ത്രിയും, ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ടവരോടെല്ലാം ഇക്കാര്യം അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാര്യത്തിൽ അനുകൂലമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള ശ്രമം ഇനിയും നടത്തുന്നതാണ്.

<u>ശ്രീ. പി. വിശ്വൻ</u> : സർ, അങ്ങ് പറഞ്ഞ ദേശീയ പാത -17 വികസിപ്പിക്കുന്നതിനുള്ള ആയിരം കോടിരൂപയുടെ പദ്ധതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സർ, അന്നത്തെ അലൈൻമെന്റിൽ ദേശീയ പാത -17 നെ 1974 - ലാണ് കേന്ദ്രം ദേശീയപാതിയാക്കി പ്രഖ്യാപിച്ചത്. മഹാരാഷ്ട്രയിലെ പൻവേൽ മുതൽ ഇടപ്പള്ളി വരെ അവസാനിപ്പിക്കുന്ന ദേശീയ പാതക്ക് 1310 കിലോമീറ്റർ ദൈർഘ്യമുണ്ട്. മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, കേരളം എന്നീ സംസ്ഥാനത്തിലൂടെ ഈ പാത കടന്നുപോകുന്നു. കേരളത്തിൽ തലപ്പാടി മുതൽ ഇടപ്പള്ളിവരെ 421 കിലോമീറ്റർ ദൈർഘ്യമുണ്ട്. കണ്ണൂർ, കോഴിക്കോട്, മാഹി, പൊന്നാനി, കൊടുങ്ങല്ലൂർ വഴി കടന്നുപോകുന്ന ഈ പാത വളരെ ഇടുങ്ങിയതും അവികസിതവുമാണ്. വെറും 23.3 കിലോമീറ്റർ ദൂരം മാത്രമാണ് രണ്ടുവരി നിലവാരമുള്ളത്. മുന്നൂറ്റിതൊണ്ണൂറ്റിയേഴര കിലോമീറ്റർ ദൂരം രണ്ടു വരിനിലവാരത്തിലേക്ക് ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. നിരവധി ബൈപാസുകളും റെയിൽവേ പാലങ്ങളും നിർമ്മിക്കേണ്ടതുണ്ട്. കഴിഞ്ഞ 29 വർഷങ്ങളിൽ പാതയുടെ വികസനത്തിനായി കേന്ദ്രം നൽകിയ സംഖ്യ തുലോം തുച്ഛമാണ്. നിക്ഷേപവും ആവശ്യവും തമ്മിൽ അജഗജാന്തര വ്യത്യാസങ്ങൾ ഈ കാര്യത്തെ സംബന്ധിച്ചുണ്ട്.

<u>ശ്രീ. പി. വിശ്വൻ</u> : സർ, ദേശീയപാത 17 വികസിപ്പിക്കുന്നതിന് എന്തു തുക വേണ്ടിവരുമെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്?

<u>ശ്രീ. ഇ.കെ. നായനാർ</u> : റോഡു പണിക്കായി നൂറുകോടിരൂപയിൽ താഴെ വരുന്ന തുക മാത്രമേ ഇതുവരെ ചെലവാക്കിയിട്ടുള്ളൂ. രണ്ടുവരി നിലവാരത്തിൽ ഈ പാത വികസിപ്പിക്കുന്നതിന് ഏറ്റവും കുറഞ്ഞത് ആയിരം കോടി രൂപ വേണ്ടിവരും.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, എക്സ്പ്രസ് ഹൈവേയിൽ കേരളത്തെ ഉൾപ്പെടുത്താതിരുന്നതിനെ സംബന്ധിച്ച് അങ്ങ് ഇവിടെ പറഞ്ഞു. കേരളത്തെ ഇതിൽ ഉൾപ്പെടുത്തുന്നതിനായി പ്രധാനമന്ത്രിയെ നേരിട്ട് കണ്ട് നിവേദനം നടത്തുകയും ഇടതുപക്ഷ മുന്നണി നേതാക്കന്മാർ പ്രധാനമന്ത്രിയെ ഡൽഹിയിൽവച്ച് നേരിട്ടുകണ്ട് എക്സ്പ്രസ് ഹൈവേയുടെ കാര്യത്തിൽ കേരളത്തെ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യമുന്നയിക്കുകയും ചെയ്തുവെന്ന് പറയുകയുണ്ടായി. എനിക്ക് അറിയേണ്ടത് രണ്ടുകാര്യങ്ങളാണ്. ഒന്ന്, എന്തുകൊണ്ടാണ് ഇവിടെയുള്ള പ്രതിപക്ഷകക്ഷി നേതാക്കന്മാരെ ഇക്കാര്യത്തിൽ നിവേദനം സമർപ്പിക്കുന്നതിനായി പ്രധാനമന്ത്രിയെ കാണാൻപോയ അവസരത്തിൽ സഹകരിപ്പിക്കാതിരുന്നത്? അതോടാപ്പംതന്നെ, ഇക്കാര്യത്തിൽ സമയത്തിന് പ്ലാനും പദ്ധതിയും തയ്യാറാക്കിയ അവസരത്തിൽ നമ്മൾ കേന്ദ്രത്തിൽ വേണ്ട സ്വാധീനം ചെലുത്തിയില്ല, അതേക്കുറിച്ച് കേന്ദ്രത്തെ അറിയിച്ചില്ല, അതുകൊണ്ട് ആ പദ്ധതി തള്ളിപ്പോയി എന്നുപറഞ്ഞു. അങ്ങ് പ്രധാനമന്ത്രിയെ കാണാൻപോയത് ഇതൊക്കെ തയ്യാറാക്കിക്കഴിഞ്ഞ ശേഷമാണ്. കേന്ദ്രം ഈ പദ്ധതി തയ്യാറാക്കുന്ന അവസരത്തിൽ അതേക്കുറിച്ച് പത്രങ്ങളി

LIBRARY ARCHIVES Kerala Legislative Assembly

ലൊക്കെ വാർത്ത വന്നിരുന്നു. കേരളം ആ പദ്ധതിയിൽപ്പെടുന്നില്ലയെന്ന വാർത്ത ആ സമയത്തുതന്നെ വന്നിരുന്നു. അതുകൊണ്ട് എനിക്ക് ചോദിക്കാനുള്ളത് പ്ലാനും പദ്ധതിയുമൊക്കെ തയ്യാറാക്കുന്ന സമയത്തുതന്നെ കേന്ദ്രത്തിൽ വേണ്ട സമ്മർദ്ദം ചെലുത്താത്തതുകൊണ്ടല്ലേ കേരളം ആ പദ്ധതിയിൽ ഉൾപ്പെടാതെപോയതെന്നാണ്. ആ പദ്ധതിയുടെ പ്ലാനും പദ്ധതിയുമൊക്കെ തയ്യാറാക്കിയ അവസരത്തിൽ കേരളത്തിന്റെ അപേക്ഷ കേന്ദ്രത്തിൽ ലഭിച്ചിരുന്നില്ല എന്ന രീതിയിലാണ് പത്രങ്ങളിൽ അക്കാലത്ത് വാർത്ത വന്നിരുന്നത്. എന്തുകൊണ്ടാണ് സമയത്തിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താതിരുന്നത്? ഇക്കാര്യത്തിനായി പ്രധാനമന്ത്രിയെകണ്ട അവസരത്തിലും ഇവിടത്തെ പ്രതിപക്ഷ കക്ഷി നേതാക്കന്മാരെ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇക്കാര്യത്തിൽ കേരളത്തെ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണം സമയത്തിന് അതിനുവേണ്ട പ്രൊപ്പോസൽ ഇവിടെ നിന്നും കേന്ദ്രത്തിലേക്ക് കൊണ്ടുപോയി കൊടുക്കാത്തതു കൊണ്ടൊന്നുമല്ല. സംഗതികൾ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെയല്ല. പ്ലാനും പദ്ധതിയുമൊക്കെ അംഗീകരിക്കപ്പെടുന്നതിനുമുമ്പുതന്നെ ഇക്കാര്യത്തിനായി കേന്ദ്രത്തിലേക്ക് ടെലിഗ്രാം അയച്ചിരുന്നു. പ്രധാനമന്ത്രിയെ നേരിട്ടുതന്നെ കണ്ടിരുന്നു. പ്രധാനമന്ത്രി ഇവിടെ വന്നപ്പോഴും അദ്ദേഹത്തോട് ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുകയും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. അതുകഴിഞ്ഞ് ഡൽഹിയിൽ പോയപ്പോൾ അദ്ദേഹത്തെ നേരിട്ടുകണ്ട് ഇതുസംബന്ധിച്ച് നിവേദനവും കൊടുത്തിരുന്നു. അതിനൊക്കെ മുമ്പാണ് ടെലിഗ്രാം കൊടുത്തത്. എന്നിട്ടിവിടെ അതൊന്നും ചെയ്തിട്ടില്ലായെന്ന് പറഞ്ഞത് ശരിയല്ല. നിങ്ങൾ പത്രം വായിക്കാതിരുന്നതുകൊണ്ടല്ലേ നിങ്ങളുടെ ശ്രദ്ധയിൽ ഇതൊക്കെ പെടാതെ പോയത്? നിങ്ങൾ പത്രം വായിക്കാതിരുന്നതിന് ഞാൻ ഉത്തരവാദിയാണോ?

<u>ശ്രീ. ജി. കാർത്തികേയൻ</u> : എക്സ്പ്രസ് ഹൈവേയുടെ കാര്യത്തിനായി അങ്ങ് ടെലിഗ്രാം കൊടുത്തിരുന്നു എന്നുപറഞ്ഞു. അതിനായി ടെലിഗ്രാം അടിച്ചതുകൊണ്ടുമാത്രം കാര്യങ്ങൾ നടക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ടെലിഗ്രാം അടിച്ചത് ശരിതന്നെ. പക്ഷെ അതിനുശേഷം രണ്ടുതവണ പ്രധാനമന്ത്രിയെ കണ്ടു. മാത്രവുമല്ല, കേരളത്തിന് ഈ സ്കീം തരാനുദ്ദേശിക്കാത്തതുകൊണ്ട് അതിനുവേണ്ട സമ്മർദ്ദം ചെലുത്തികൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ഏറ്റവുമൊടുവിൽ വന്ന റിപ്പോർട്ട് ഭാഗികമായി അത് കേരളത്തിന് തരാമെന്നാണ്. നിങ്ങൾ ഇതിനെക്കുറിച്ച് ശ്രദ്ധിക്കാത്തതുകൊണ്ടാണ് കാര്യങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നത്. ഇവിടെ പ്രധാനമന്ത്രി വന്നപ്പോൾ ഞങ്ങൾ അദ്ദേഹത്തെക്കണ്ട് ഇതുസംബന്ധിച്ച് മെമ്മോറാണ്ടം കൊടുത്തിരുന്നു. അതേക്കുറിച്ച് അദ്ദേഹത്തോട് സംസാരിച്ചിരുന്നു. ഇനിവേണമെങ്കിലും നിങ്ങൾക്കും അതേക്കുറിച്ച് അദ്ദേഹത്തോട് സംസാരിക്കാമല്ലോ, അന്ന് അദ്ദേഹം ഇവിടെവന്ന അവസരത്തിലും നിങ്ങൾക്ക് അദ്ദേഹത്തെക്കണ്ട് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്താമായിരുന്നില്ലേ? ഇവിടെ പ്രധാനമന്ത്രി വന്ന അവസരത്തിൽ ഇടതുപക്ഷമുന്നണി നേതാക്കന്മാർ ഒരുമിച്ച് അദ്ദേഹത്തെക്കണ്ട് ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. അക്കാര്യത്തിനായി നമുക്ക് കൂട്ടായി ഇനിയും പ്രവർത്തിക്കാം.

<u>ശ്രീ. എളമരം കരീം</u> : സർ, എക്സ്പ്രസ് ഹൈവേയുമായി ബന്ധപ്പെടാത്ത പ്രധാനപ്പെട്ട നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ലിങ്ക് റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

പണിയുമെന്ന് കേന്ദ്ര ഗവൺമെന്റ് അന്ന് പ്രഖ്യാപിച്ചിരുന്നു. അങ്ങനെ പ്രഖ്യാപിച്ചതിൽ കേരളത്തിലെ ഏതെങ്കിലും നഗരങ്ങൾ ഉൾപ്പെടുന്നതായി വിവരം ഉണ്ടോ? എക്സ്പ്രസ് ഹൈവേ കടന്നുപോകുമ്പോൾ അതുമായി ബന്ധപ്പെടാത്ത ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ലിങ്ക് റോഡുകൾ പണിയുമെന്ന് അന്ന് പ്രഖ്യാപിച്ചിരുന്നതാണ്. അങ്ങനെ ലിങ്ക് റോഡുകൾ പണിയുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളുടെ കൂട്ടത്തിൽ കേരളത്തിലെ ഏതെങ്കിലും നഗരങ്ങൾ ഉൾപ്പെടുന്നതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇപ്പോൾത്തന്നെ എക്സ്പ്രസ് ഹൈവേയുടെ കാര്യത്തിൽ നമ്മുടെ കാര്യം അവർ ഭാഗികമായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്. ഫുൾ ആയിട്ട് അതിനെ അംഗീകരിച്ചുകഴിഞ്ഞിട്ടില്ല. എന്നാൽ അത് ഫുൾ ആയിട്ട് കേന്ദ്രത്തെക്കൊണ്ട് അംഗീകരിക്കാനുള്ള ശ്രമം നമ്മൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് നിലമ്പൂർവരെ വരുമെന്നാണ് ശ്രീ. ആര്യാടൻ ഇവിടെ പറയുന്നത്. ഭാഗികമായിട്ടേ ഈ സ്കീം ഇപ്പോൾ അംഗീകരിച്ചിട്ടുള്ളൂ. ബാക്കികൂടി തീർച്ചയായിട്ടും സമൂർത്തമായി അംഗീകരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും അതിൽ ഉൾപ്പെടുത്താം.

<u>ശ്രീ. പി.കെ.കെ. ബാവ</u> : സർ, എക്സ്പ്രസ് ഹൈവേയുടെ കാര്യത്തിൽ അതിന് ഭാഗികമായിട്ടുമാത്രമേ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം കിട്ടിയിട്ടുള്ളൂവെന്നും പൂർണമായ അർത്ഥത്തിൽ നമുക്ക് അത് ലഭ്യമാക്കണമെന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തിൽ വേണ്ട സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണെന്നും പറഞ്ഞു. അതിനോട് ഞാൻ പൂർണമായും യോജിക്കുകയാണ്. നമ്മൾ എല്ലാവരും ഒരുമിച്ചുനിന്ന് പൂർണ്ണമായ രീതിയിൽ എക്സ്പ്രസ്സ് ഹൈവേ നമുക്ക് ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കണം. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഏത് വിധത്തിലുള്ള സംരംഭമുണ്ടായാലും കേരളത്തിലെ ജനങ്ങൾ അതിന്റെകൂടെ ഒറ്റക്കെട്ടായി നിൽക്കും. അതേസമയം നമ്മുടെ ഇന്നത്തെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിന് പലയിടങ്ങളിലും ബൈപാസ്സുകൾ നിർമ്മിക്കുന്നതിന് കേന്ദ്രത്തിൽനിന്ന് തുടക്കംകുറിച്ചിട്ടുണ്ട്. ഉദാഹരണത്തിന് കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിലൊക്കെ ഭാഗികമായി മാത്രം കേവലം ഒന്നോ രണ്ടോ റീച്ചുകൾക്ക് മാത്രമേ ഇതിനകം അംഗീകാരം കിട്ടിയിട്ടുള്ളൂ. അവശേഷിക്കുന്ന റീച്ചുകൾക്കുകൂടി അംഗീകാരം വാങ്ങുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്തി ഇന്നത്തെ നിലയിലുള്ള നമ്മുടെ എൻ.എച്ച് -ലെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര പരിഗണന ഗവൺമെന്റ് നൽകുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇക്കാര്യത്തിനായി ഒറ്റക്കെട്ടായി നിൽക്കുമെന്നത് നല്ലകാര്യം തന്നെ. ഏതായാലും ഇലക്ഷൻ വരാൻ പോവുകയല്ലേ?. തെരഞ്ഞെടുപ്പു കഴിഞ്ഞിട്ട് അധികാരത്തിൽവരുന്ന പുതിയ ഗവൺമെന്റിന്റെ മുമ്പിൽ നമുക്ക് ഇക്കാര്യത്തിൽ വേണ്ട സമ്മർദ്ദം ചെലുത്താം. കേരളത്തിന് എക്സ്പ്രസ്വേ അനുവദിക്കണമെന്ന കാര്യം വളരെ ശക്തമായി നമുക്ക് പുതിയ ഗവൺമെന്റിന്റെ മുന്നിൽ ഉന്നയിക്കാം. അതിന് നമുക്ക് ഒരുമിച്ച് നീങ്ങാം. ആരു അധികാരത്തിൽ വരുമെന്നൊന്നും ഇപ്പോൾ ഉറപ്പ് പറയാൻ കഴിയില്ല.

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന എക്സ്പ്രസ് ഹൈവേക്ക് എത്ര കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാകുമെന്നാണ് കേന്ദ്ര ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്? ഇതിൽ കേരളത്തിന് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ച പ്രോജക്ടിന് എത്രകോടി രൂപയുടെ മുതൽമുടക്കുണ്ടാവുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. ഇ.കെ. നായനാർ : കേരളത്തിന്റേത് പൂർണമായിട്ടും അംഗീകരിച്ചിട്ടില്ലെങ്കിലും 28,000 കോടി രൂപയുടെ പ്രോജക്ടാണ്. 7,000 കിലോമീറ്റർ ദൂരമാണ് അതിന്റെ ലെങ്ത്. ഇതാണ് സെന്ററിന്റെ സ്കീമായിട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. എത്ര രൂപയുടെ പ്രോജക്ടാണ് നമുക്ക് അംഗീകരിച്ചു കിട്ടുന്നതെന്ന് അത് നടപ്പിൽ വരുമ്പോൾ മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

2 (*152) സംസ്ഥാന ഗവൺമെന്റിന്റെ സ്പോർട്സ് നയം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റിന്റെ സ്പോർട്സ് നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സ്പോർട്സ് രംഗത്ത് അന്താരാഷ്ട്ര നിലവാരം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിലിനെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്പോർട്സ് അസോസിയേഷനുകളിലും സ്പോർട്സ് കൗൺസിലിലും അഴിമതിയും സ്വജനപക്ഷപാതവും നിലനിൽക്കുന്നതായ പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിനുപുറത്ത് മത്സരങ്ങൾക്ക് പോകുന്ന സ്പോർട്സ് താരങ്ങൾക്ക് മതിയായ സംരക്ഷണം ലഭിക്കാറില്ലെന്ന വിവരം ഗവൺമെന്റിനറിവുണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) ദേശീയ-അന്തർദേശീയ രംഗങ്ങളിൽ ഉന്നതനിലവാരം പുലർത്തുന്നതിന് നമ്മുടെ കായികതാരങ്ങളെ സുസജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ കായികരംഗത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കായികസംഘടനകളുടേയും ക്ലബ്ബുകളുടേയും സഹകരണം ഉറപ്പാക്കുക, കായികരംഗത്തിന് ശാസ്ത്രീയ അടിത്തറ ലഭ്യമാക്കുക, നൂതനമായ കായികോപകരണങ്ങൾ ഉപലബ്ധമാക്കുക, കായികപരിശീലകർ, റഫറിമാർ എന്നിവർക്ക് ആധുനിക പരിശീലനസമ്പ്രദായങ്ങൾ സ്വായത്തമാക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക, കായികതാരങ്ങൾക്ക് കൂടുതൽ പരിശീലനങ്ങളും പാരിതോഷികങ്ങളും നൽകുക, കായികരംഗം കൂടുതൽ വിപുലമാക്കുക, കായിക വിദ്യാഭ്യാസ രംഗങ്ങളെ ഏകോപിപ്പിക്കുക, സ്പോർട്സ് രംഗത്തിന് കൂടുതൽ വിഭവസമാഹരണം നടത്തുക, കായിക വളർച്ചക്ക് മാധ്യമങ്ങളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പ് വരുത്തുക എന്നീ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിലേക്കായി കേരളത്തിലെ സ്പോർട്സ് രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രാതിനിധ്യമുൾക്കൊള്ളുന്നതും യശ്ശഃശരീരനായ ജി.വി. രാജ, രൂപം നൽകിയിട്ടുള്ളതുമായ കേരള

LIBRARY ARCHIVES Kerala Legislative Assembly